"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്-നിലമ്പൂർ സൗത്ത് ഡിവിഷനു കീഴിലെ കരുളായ് റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേനത്തിലിരിക്കെ അന്തരിച്ച ശ്രീ. സഞ്ജയ്.സി.പി.യുടെ ഭാര്യ ശ്രീമതി. നിഷിത.എം.-ന് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.24/2022/F&WLD തീയതി,തിരുവനന്തപുരം, 09-05-2022.

---

പരാമർശം:-

1. സ.ഉ(പി) നം.12/99/പി&എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീമതി.നിഷിത.എം, ശ്രീരാജ് (ഹൗസ്), പുത്താട്ട് പറമ്പ്, ഇരഞ്ഞിക്കൽ പി ഒ, കോഴിക്കോട് സമർപ്പിച്ച 10.02.2021 ലെ അപേക്ഷയും അനുബന്ധരേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.10.2021, 22.04.2022 തീയതികളിലെ ഇ6-3450/2021 നമ്പർ കത്തും അനുബന്ധ രേഖകളും.
4. കോഴിക്കോട് ജില്ലാ കളക്ടറുടെ 17.03.2022 ലെ DCKKD/846/2022/S4 നമ്പർ കത്തും അനുബന്ധരേഖകളും.

ഉത്തരവ്

വനം വന്യജീവി വകുപ്പിൽ നിലമ്പൂർ സൗത്ത് ഡിവിഷനു കീഴിലെ കരുളായ് റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേനത്തിലിരിക്കെ 28.09.2020 ന് മരണപ്പെട്ട ശ്രീ. സഞ്ജയ്.സി.പി.യുടെ ഭാര്യ ശ്രീമതി. നിഷിത.എം.-ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭ്യമാക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻ മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം കോഴിക്കോട് ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. കോഴിക്കോട് തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ, ഭാര്യ നിഷിത.എം , മകൾ നിരഞ്ജന.പി, മകൻ സായൂജ്.പി, മാതാവ് ജയശ്രീ.എം. എന്നിവരാണ്. മറ്റ് അവകാശികൾ അപേക്ഷകയ്ക്ക് ആശ്രിതനിയമനം നൽകുന്നതിന് അനുകൂല മൊഴി നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനന തീയതി 31.05.1983 ആണ്. ടിയാൾക്ക് 38 വയസ്സ് പൂർത്തിയായിട്ടുള്ളതും ബി.കോം. പാസ്സായിട്ടുള്ളതുമാണ്. ടിയാളുടെ കുടുംബ വാർഷിക വരുമാനം 84,000/-രൂപയാണെന്ന് കോഴിക്കോട് തഹസീൽദാർ സാക്ഷ്യപ്പെടുത്തി യിട്ടുണ്ട് .

3. മേൽ സാഹചര്യത്തിൽ, നിലമ്പൂർ സൗത്ത് ഡിവിഷനു കീഴിലെ കരുളായ് റേഞ്ചിൽ ബീറ്റ്

ഫോറസ്റ്റ് ഓഫീസറായി സേനത്തിലിരിക്കെ 28.09.2020 ന് മരണപ്പെട്ട ശ്രീ. സഞ്ജയ്.സി.പി.യുടെ ഭാര്യ ശ്രീമതി. നിഷിത.എം.-ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, വനം വന്യജീവി വകുപ്പിൽ കോഴിക്കോട് ജില്ലയിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കോഴിക്കോട് ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാളെ നിയമിക്കാവുന്നതും കോഴിക്കോട് ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാൾക്ക് സ്ഥലംമാറ്റം അനുവദിക്കേണ്ടതുമാണ്.

4. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്.
ശ്രീമതി.നിഷിത.എം, ശ്രീരാജ് (ഹൗസ്), പുത്താട്ട് പറമ്പ്, ഇരഞ്ഞിക്കൽ പി ഒ, കോഴിക്കോട്-673303. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) , കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 09-05-2022 16:36:45**
സെക്ഷൻ ഓഫീസർ.